IV. **മുന്നൂറു** വാക്കിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. മലയാള നോവൽ പ്രസ്ഥാനത്തിന്റെ ഉദയവികാസ ചരിത്രഘട്ടങ്ങളെക്കുറിച്ചുപന്യസിക്കുക.

33. രണ്ടിടങ്ങഴിയെ മുൻനിർത്തി തകഴിയുടെ നോവൽ രചനാ സവിശേഷതകളെക്കുറിച്ചുപന്യസിക്കുക.

34. നെയ്പ്പായസത്തിലെ സ്ത്രീസ്വത്വനിർമ്മിതിയെക്കുറിച്ച് എഴുതുക.

35. നാരായണ ഗുരുവിനെക്കുറിച്ചുള്ള കെ.പി. അപ്പന്റെ നിരീക്ഷണങ്ങൾ ക്രോഡീകരിക്കുക.

**(2 × 15 = 30 Marks)**

---



St. Xavier's College

(Pages : 4) **R – 2917**

**Reg. No. : ..............................**

**Name : ..................................**

**Second Semester B.A./B.Sc. Degree Examination, September 2023**

**First Degree Programme under CBCSS**

**Language Course V – Additional Language – Malayalam**

**ML 1211.1 : ഗദ്യസാഹിത്യം**

**(2021 Admission Onwards)**

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത നോവൽ ഏത് ?

2. കയർ ആരുടെ കൃതിയാണ് ?

3. സി.വി. രാമൻപിള്ളയുടെ ഒരു ചരിത്ര നോവലിന്റെ പേരെഴുതുക.

4. 'എന്റെ കഥ' - ആരുടെ കൃതി ?

5. മയ്യഴിയുടെ കഥാകാരൻ - എന്നു വിശേഷിപ്പിക്കപ്പെടുന്നതാരെ ?

6. 'ആ സ്ഥലം കണ്ടാൽ നീ അതുമായി പ്രേമബന്ധത്തിലാകും' ഏത് സ്ഥലത്തെക്കുറിച്ചാണീ പരാമർശം ?

7. 'ഗർഭശ്രീമാൻ' എന്ന് പുകൾപെറ്റ രാജാവാര് ?

P.T.O.

8. വഴിതിരിച്ചുവിട്ട ആചാര്യൻ എന്ന് ഡോ. എം. ലീലാവതി വിശേഷിപ്പിച്ചിരിക്കുന്നതാരെ ?

9. മതം വാദിക്കാനും ജയിക്കാനുമുള്ളതല്ല എന്ന് അഭിപ്രായപ്പെട്ടതാര് ?

10. ഇന്ത്യൻ ഭരണഘടനാ നിർമ്മാണ സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട തിരുവിതാംകൂറുകാരിയായിരുന്ന മലയാളി വനിത.

**(10 × 1 = 10 Marks)**

II. **അമ്പതു** വാക്കിൽ കവിയാതെ **എട്ടു** ചോദ്യത്തിനുത്തരമെഴുതുക.

11. കോരൻ ജയിലിൽ പോകേണ്ടിവന്ന സാഹചര്യം എന്തായിരുന്നു?

12. "അങ്ങനെ ആറടി സ്ഥലം പോലും കിട്ടാതെ ആ സേവനചരിത്രം അവസാനിച്ചു" - എന്തിനെക്കുറിച്ചാണ് പരാമർശം?

13. 'രണ്ടിടങ്ങഴി'യിലെ ചാത്തനെ പരിചയപ്പെടുത്തുക.

14. രാഷ്ട്രീയ പാർട്ടികളെല്ലാം ഈ കൊടിയ അനീതിയുടെ മുന്നിൽ കണ്ണടച്ചു കളഞ്ഞു. എന്തായിരുന്നു കൊടിയ അനീതി?

15. "നമ്മുടെ പഴേ സാമീന്റവിടെയുള്ള മാതിരി കട്ടളിസും ചാപ്പും ഒന്നുമല്ല. കത്തിയും മുള്ളും ഷാമ്പെയിനും എന്നു വേണ്ട പൊടി പാറീട്ടുള്ള വട്ടമാണ്".- എന്തിനെക്കുറിച്ചാണീ പരാമർശം? സന്ദർഭം എഴുതുക.

16. അവളോട് അകാരണമായി ഒരു ദേഷ്യം - ആർക്കാണീ ചിന്തയുണ്ടായത്? എന്തുകൊണ്ട്?

17. 'സ്നേഹത്തിന്റെ ശ്രാദ്ധം' എന്ന കഥയുടെ പ്രതിപാദ്യമെന്ത്?

18. "അപ്പോ സ്റ്റോക്ക് തീർന്നു - അതു തന്നെ" - ആര് ആരോടാണിങ്ങനെ പറഞ്ഞത്? എന്താണ് സ്റ്റോക്ക്?

19. എസ്. ഗുപ്തൻ നായരുടെ സ്മരണയിൽ തെളിയുന്ന ഗോവിന്ദന്മാരാരെക്കുറിച്ചെഴുതുക.

20. ഡോ. എം. ലീലാവതി മലയാളം ഐച്ഛികവിഷയമായി തെരഞ്ഞെടുക്കാനുണ്ടായ സാഹചര്യമെന്ത്?



St. Xavier's College

21. ഇന്ദ്രജാലക്കാരനായ യോഗിയായിരുന്നു ഗുരുവെന്ന് കെ.പി. അപ്പൻ അഭിപ്രായപ്പെട്ടതെന്തുകൊണ്ട്?

22. രജനി എന്ന രോഗിക്ക് കവിത സാന്ത്വന ചികിത്സയായിത്തീർന്നതെങ്ങനെ?

**(8 × 2 = 16 Marks)**

III. **നൂറു** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിനുത്തരമെഴുതുക.

23. 'രണ്ടിടങ്ങഴി'യിൽ സൂചിതമായിരിക്കുന്ന കുട്ടനാടിന്റെ രാഷ്ട്രീയ സാമൂഹിക പരിവർത്തനങ്ങളെക്കുറിച്ചെഴുതുക.

24. എന്തെല്ലാം വ്യവസ്ഥകളോടെയാണ് കോരൻ പുഷ്പവേലിൽ കൃഷിപ്പണി ഏറ്റെടുത്തത്?

25. മൂക്കന്റെ ജീവിതം ദുസ്സഹമായിത്തീർന്നതെങ്ങനെ?

26. സമകാല സ്ത്രീയവസ്ഥകളുടെ നേർചിത്രമാണ് പാവകൾ വരച്ചു കാട്ടുന്നത് - വിശദമാക്കുക.

27. എപ്പോഴെത്തുമോ, എന്തോ? എന്ന കഥ ഉൾക്കൊള്ളുന്ന സാമൂഹിക വിമർശനത്തെക്കുറിച്ചെഴുതുക.

28. ബി. മുരളിയുടെ 'ജഡങ്ങളിൽ നല്ലവൻ' എന്ന കഥ വെളിപ്പെടുത്തുന്ന മനുഷ്യ ജീവിതത്തിന്റെ ദുരവസ്ഥയെക്കുറിച്ചെഴുതുക.

29. ജനുവരി 26-നെ റിപ്പബ്ലിക് ദിനമായി തെരഞ്ഞെടുത്തതെന്തുകൊണ്ട്?

30. വിധിയുടെ രീതികൾ നിഗൂഢങ്ങൾ തന്നെയെന്ന് ഡോ. എം. ലീലാവതി അഭിപ്രായപ്പെട്ടതെന്തുകൊണ്ട്?

31. ഗംഗയെ ഭൂമിയിൽ കൊണ്ടുവരാൻ കഴിയും - എല്ലാവർക്കും പ്രാപ്യമായ വിധത്തിൽ. ഇവിടെ ലേഖകൻ വിവക്ഷിക്കുന്നതെന്ത്? വ്യക്തമാക്കുക.

**(6 × 4 = 24 Marks)**